(ബി) സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി പ്രകാരം കണക്ഷൻ നൽകുന്നതിനായി മണ്ഡലത്തിൽ 130.45 ലക്ഷം രൂപ ചെലവഴിച്ചു.

(സി) നിയോജകമണ്ഡലത്തിൽ ആകെ11559 പുതിയ കണക്ഷൻ നൽകി. ഇതിൽ സമ്പൂർണ്ണ വൈദ്യുതീകരണത്തിന്റെ ഭാഗമായി 2602 പേർക്ക് കണക്ഷൻ നൽകി.

ആലപ്പുഴ ജില്ലയിൽ വർക്കർമാരുടെ റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതിനുള്ള കാലതാമസം

207 (1171) ശ്രീ. എ. എ. ഷുക്കൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ഇ.ബി. വർക്കർമാരുടെ ആലപ്പുഴ ജില്ലയിലേക്കുള്ള റാങ്ക് ലിസ്റ്റിൽ മെയിൻ ലിസ്റ്റിൽ നിന്നും സപ്ലിമെന്ററി ലിസ്റ്റിൽ നിന്നും ഇതുവരെ എത്ര ഉദ്യോഗാർത്ഥികളെ നിയമിച്ചു എന്ന് വ്യക്തമാക്കുമോ ;

(ബി) നിലവിലുള്ള പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും ഇനി നിയമനം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ ; മറ്റു ജില്ലകളിൽ രണ്ടാമതും നിയമനം നടത്തിയിട്ടും ആലപ്പുഴ ജില്ലയിൽ നിയമനം നടത്തുകയോ ഒഴിവുകൾ നികത്തുകയോ ചെയ്തിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ജില്ലയിൽ ലൈൻമാൻമാരുടെ ഒഴിവുകളിൽ നിലവിലുള്ള വർക്കർമാർക്ക് പ്രൊമോഷൻ നൽകിയാൽ മാത്രമേ മേൽപ്പറഞ്ഞ ഒഴിവുകളിൽ പുതുതായി വർക്കർമാരെ നിയമിക്കാൻ കഴിയൂ എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) കെ.എസ്.ഇ.ബി.യിൽ വർക്കർമാർ ചെയ്യുന്ന ജോലികൾ ബോർഡ് കോൺട്രാക്ട് കൊടുത്തും, കോൺട്രാക്ട് എടുത്തവർ കരാർതൊഴിലാളികളെ കൊണ്ടും ജോലി ചെയ്യിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ ;

(ഇ) കെ.എസ്.ഇ.ബി.-യിൽ വർക്കർമാർ ചെയ്യുന്ന ജോലികൾ ബോർഡ് കോൺട്രാക്ട് കൊടുത്തും കോൺട്രാക്ട് എടുത്തവർ കരാർ തൊഴിലാളികളെ കൊണ്ടും ജോലി ചെയ്യിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കെ.എസ്.ഇ.ബി.-യിലെ വർക്കർ തസ്തികയുടെ ആലപ്പുഴ ജില്ല പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നും 527 പേർക്ക് നിയമന ഉത്തരവ് നൽകിയിട്ടുണ്ട്. മെയിൻ ലിസ്റ്റിലെയും സപ്ലിമെന്ററി ലിസ്റ്റിലെയും എണ്ണം വേർതിരിച്ച് നൽകുന്നത് പി.എസ്.സി. ഓഫീസിൽ നിന്നുമാണ്. ഒഴിവുണ്ടാകുന്ന മുറയ്ക്ക് റിപ്പോർട്ട് ചെയ്ത് നിയമനടപടി സ്വീകരിക്കുന്നതാണ്.

(ബി) പ്രൊമോഷൻ മുഖേനയുണ്ടായ 213 ഒഴിവുകൾ (ഇരുനൂറ്റി പതിമൂന്ന് ഒഴിവുകൾ) 10/2010-ൽ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുകയും 11/2010-ൽ 213 പേർക്ക് നിയമന ഉത്തരവ് നൽകിയിട്ടുണ്ട്.

LIBRARY ARCHIVED KERALA LEGISLATIVE ASSEMBLY

(സി) ഉണ്ട്.

(ഡി) ഇലക്ട്രിക്കൽ വർക്കർമാരെ കൊണ്ട് പെയ്ത് തീർക്കുവാൻ പറ്റാത്ത ബുദ്ധിമുട്ടുള്ള പ്രവൃത്തികൾ ബോർഡ് കോൺട്രാക്ട് അടിസ്ഥാനത്തിൽ ചെയ്തു വരുന്നു. നിലവിലുള്ള സാഹചര്യത്തിൽ ഇത് നിർത്തലാക്കുവാൻ സാധിക്കുകയില്ല.

(ഇ) പരിശോധിച്ചു മേൽനടപടികൾ സ്വീകരിക്കുന്നതാണ്.

കാർഷികമേഖലയ്ക്ക് നബാർഡിൽ നിന്നും വായ്പ

208 (1172) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. വർക്കല കഹാർ :
ശ്രീ. കെ. അച്ചുതൻ :
ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അടുത്ത സാമ്പത്തികവർഷത്തിൽ നബാർഡിൽനിന്നും കാർഷിക മേഖലയ്ക്ക് എത്ര തുക വായ്പയായി ലഭ്യമാകുമെന്നാണ് പ്രതീക്ഷിക്കുന്നത് ;

(ബി) ഇത്തരം വായ്പയുടെ ശരിയായ ഉപയോഗത്തിനായി കാർഷിക രംഗത്ത് അടിസ്ഥാനപരമായി എന്തൊക്കെ മാറ്റങ്ങൾ വരുത്തണമെന്നാണ് നബാർഡ് നിർദ്ദേശിച്ചിട്ടുള്ളത് ;

(സി) പാട്ടക്കൃഷി നിയമാനുസൃതമാക്കാതെ കാർഷികോല്പാദനം ലക്ഷ്യം കാണാനാവില്ല എന്ന നിഗമനം സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) എങ്കിൽ പാട്ടക്കൃഷി നിയമാനുസൃതമാക്കുന്നതിനായി പ്രസ്തുത രംഗത്ത് എന്തൊക്കെ മാറ്റങ്ങൾ വരുത്താനാണ് ഉദ്ദേശിക്കുന്നത് ;

(ഇ) ഇതിനായി പുതിയ നിയമനിർമ്മാണം നടത്തണമെന്ന നിർദ്ദേശം പരിഗണനയിലുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) കാർഷിക അനുബന്ധ മേഖലയ്ക്ക് 54 കോടി രൂപയാണ് പ്രതീക്ഷിക്കുന്നത്.

(ബി) പ്രത്യേക നിർദ്ദേശങ്ങളൊന്നും ലഭിച്ചിട്ടില്ല.

(സി-ഇ) പരിശോധിക്കുന്നതാണ്.

കാർഷികമേഖലയ്ക്ക് നബാർഡിന്റെ വായ്പാപദ്ധതി

209 (1173) ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. ബി. ബാബുപ്രസാദ് :
ശ്രീ. വി. ഡി. സതീശൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അടുത്ത സാമ്പത്തികവർഷത്തിൽ കാർഷികമേഖലയ്ക്കായി നബാർഡ് എത്ര കോടി രൂപയുടെ വായ്പാപദ്ധതിയാണ് തയ്യാറാക്കിയിട്ടുള്ളത് ;

KERALA LEGISLATIVE ASSEMBLY